വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ച തുക

255 [2309] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001-02, 2002-03, 2003-04 വർഷങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ഓരോ വർഷവും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഓരോ വർഷവും നിയമസഭാസാമാജികർ നല്കിയ അപേക്ഷകളനുസരിച്ച് നല്കിയ തുക എത്രയാണെന്ന് പ്രത്യേകം പറയാമോ;

(സി) 2003-04 വർഷത്തിൽ നിയമസഭാസാമാജികർ നല്കിയ അപേക്ഷകള നുസരിച്ച് ഫണ്ട് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) എത്ര അപേക്ഷകൾ ഇനിയും തീർപ്പു കൽപ്പിക്കൽ അവശേഷിക്കു ന്നുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 2001-02, 2002-03 എന്നീ വർഷങ്ങളിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക താഴെക്കാണും പ്രകാരമാണ്.

ജില്ല	(തുക ലക്ഷത്തിൽ)	
	2001-02	2002-03
തിരുവനന്തപുരം	809	319
കൊല്ലം	439	451
പത്തനംതിട്ട	377	425
ആലപ്പുഴ	516	587
കോട്ടയം	500	594
ഇടുക്കി	393	178
എറണാകുളം	767	486
തൃശ്ശൂർ	482	492
പാലക്കാട്	1278	648

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	(തുക ലക്ഷത്തിൽ)	
	2001-02	2002-03
മലപ്പുറം	488	509
കോഴിക്കോട്	387	619
വയനാട്	238	451
കണ്ണൂർ	357	661
കാസർഗോഡ്	294	337
ആകെ	7325	6757

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി തുക അനുവദിക്കുന്നത് വീടുകളുടെ നാശനഷ്ടങ്ങൾക്ക് ധനസഹായം, കൃഷിനാശത്തിന് ധനസഹായം, മരണദുഃഖമനുഭവിക്കുന്നവർക്ക് ധനസഹായം, റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം, അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കാണ്. ഇതിൽ കേടുപാടുപറ്റിയ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനരുദ്ധാരണം അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും, സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി നിയമസഭാസാമാജികർ നല്കിയ അപേക്ഷയിന്മേൽ നല്കാറുണ്ട്. അപ്രകാരം ഭരണാനുമതി നല്കിയ തുക താഴെക്കാണും പ്രകാരമാണ്.

വർഷം	തുക ലക്ഷത്തിൽ
2001-02 . .	ഇല്ല
2002-03 . .	2262.25
2003-04 . .	2364.00

(സി) പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കി ബില്ലു സമർപ്പിക്കുന്ന മുറയ്ക്കാണ് ജില്ലാ കളക്ടർമാർ തുക അനുവദിക്കുന്നത്. അപ്രകാരം 2003-04 വർഷം സമർപ്പിച്ച എല്ലാ ബില്ലുകളുടെയും തുക അനുവദിച്ചിട്ടുണ്ട്.

(ഡി) ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഉദ്ദേശം 30 അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly